**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 222** **10-06-2024 - ൽ മറുപടിയ്ക്ക്**

**മൂന്നാറിൽ അനുവദിച്ച സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മൂന്നാറിൽ കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മൂന്നാറിൽ കിഫ്ബി ഫണ്ട് മുഖേന സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണത്തിനായി 78.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി 09.05.2024 തീയതിയിലെ സ.ഉ (കൈ) നം.81/2024/ആർ.ഡി പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ സർവ്വേ നമ്പർ 20/1 pt ൽ ഉൾപ്പെട്ടതും നിലവിൽ ദേവികുളം സാമൂഹികാരോഗ്യകേന്ദ്രം പ്രവർത്തിച്ചുവരുന്നതുമായ 01.9818 ഹെക്ടർ സ്ഥലം മൂന്നാർ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണത്തിനായി സേവന വകുപ്പുകൾ തമ്മിലുള്ള കൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും, നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗവും കൈവശാനുഭവവും ആരോഗ്യ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ഥലം ആരോഗ്യ വകുപ്പിന് കൈമാറ്റം നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | മൂന്നാറിൽ കിഫ്ബി ഫണ്ട് മുഖേന സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ നിർമ്മാണത്തിനായി 78.25 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി 09.05.2024 തീയതിയിലെ സ.ഉ (കൈ) നം.81/2024/ആർ.ഡി പ്രകാരം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കണ്ണൻ ദേവൻ ഹിൽസ് വില്ലേജിലെ സർവ്വേ നമ്പർ 20/1 pt ൽ ഉൾപ്പെട്ടതും നിലവിൽ ദേവികുളം സാമൂഹികാരോഗ്യകേന്ദ്രം പ്രവർത്തിച്ചുവരുന്നതുമായ 01.9818 ഹെക്ടർ സ്ഥലം മൂന്നാർ ഗവൺമെന്റ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ നിർമ്മാണത്തിനായി സേവന വകുപ്പുകൾ തമ്മിലുള്ള കൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി |

| | | | |
|---|---|---|---|
| | | | പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും, നിയന്ത്രണാധികാരവും റവന്യൂ വകുപ്പിൽ നിലനിർത്തി ഉപയോഗവും കൈവശാനുഭവവും ആരോഗ്യ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകുന്നതുൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ